"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ്- കൊല്ലം പുരം **2024**-ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.7/2025/TSM തീയതി,തിരുവനന്തപുരം, 04-01-2025

---

പരാമർശം:- 1. ആശ്രാമം ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം കൊല്ലം പൂരം കമ്മിറ്റി സമർപ്പിച്ച അപേക്ഷ.

2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ **16.12.2024** തീയതിയിലെ **DOT/14963/2023-M1** നം കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം നഗരത്തിലെ പ്രസിദ്ധമായ ആശ്രാമം ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിലെ വിഷു ഉത്സവവുമായി ബന്ധപ്പെട്ട് **30**ൽ പരം വർഷങ്ങളായി നടത്തപ്പെടുന്ന കൊല്ലം പുരം **2024** ന് സാമ്പത്തിക സഹായം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കൊല്ലം പൂരം കമ്മിറ്റി പരാമർശം **(1)** പ്രകാരം അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ ഉചിതമായ നടപടി സ്വീകരിക്കണമെന്ന് പരാമർശം **(2)** പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

**2.** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തെക്കൻ കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളും ആഘോഷിക്കുകയും, ഏറ്റെടുക്കുകയും ചെയ്യുന്ന ഒരു മതേതര ഉത്സവമെന്ന നിലയിൽ, കൊല്ലം പുരം **2024** ന് **"3452-80-104-99-01 വിവിധ ഉത്സവങ്ങളുടെയും സാംസ്കാരിക പരിപാടികളുടെയും പരിപോഷണം** " എന്ന ശീർഷകത്തിൽ നിന്നും ₹**50,000/-** (അൻപതിനായിരം രൂപ മാത്രം) ധനസഹായം അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

**3.** ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മൂന്നു മാസത്തിനകം കൊല്ലം പൂരം കമ്മിറ്റി ഭാരവാഹികൾ വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, ആയതിന്റെ ആധികാരികത വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
കൊല്ലം പൂരം കമ്മിറ്റി ഭാരവാഹികൾ( വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ, മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് ll ) കേരള, തിരുവനന്തപുരം
സബ് ഒഷറി ഓഫീസർ, വെള്ളയമ്പലം സബ് ടഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിനു)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Archana T
Date: 04-01-2025 16:28:52

സെക്ഷൻ ഓഫീസർ

പകർപ്പ്:
1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എസ്സ്
3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എസ്സ്